## മൂടാടി സൗത്ത് എൽ. പി. എസ്

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ

## 2025-2026

## ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലും ദീർഘകാല കാഴ്ചപ്പാടോടു കൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസനപദ്ധതി രൂപികരിക്കണം. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയായിരിക്കണം. വിദ്യാലയ വികസന പദ്ധതിയ്ക്ക് രൂപം നൽകേണ്ടത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലയിലെ വികസനം സാധ്യമാകുന്നതിനു സഹായകമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്നതായിരിക്കണം. വിദ്യാലയ വികസന പദ്ധതി അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യരാഷട്രീയ - സാംസ്കാരിക- സന്നദ്ധ സംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയൂ.

ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠനനിലവാരം നിഷ്കർക്കുകയും അതിൽ നിന്ന് എത്ര കുറവുണ്ടെന്ന് വിലയിരുത്തുകയും ആ കുറവ് പരിഹരിക്കാനുള്ള പഠന പ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്യുക എന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടലാണ് ഉദ്ദേശിക്കുന്നത്.

ഇത് പ്രകാരം പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനിക വത്ക്കരിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ആവിഷ്ക്കരിച്ചിരിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. പൊതുവിദ്യാലയങ്ങളിലെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്ത് കൊണ്ട് ഉറപ്പാക്കുകയെന്നതാണ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം.

ലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെ ഓരോ ക്ലാസിലെയും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
- കുട്ടിയുടെകഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യതാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുക.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കത്തക്കരീതിയിൽ കാര്യക്ഷമമായ അധ്യാപക പരിശീലനം ഉറപ്പു വരുത്തുക.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത-ലഹരി മുക്തകാമ്പസുകൾ സൃഷ്ടിക്കുക.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന നയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക.
- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
- തനതായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിച്ചെടുക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കും.
- അവസരം, തുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിക്കും.
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കും.
- സമഗ്ര ഗുണമേന്മാ വിദ്യാലയ ആസൂത്രണം സാധ്യമാകും.
- ക്ലാസ് മുറികൾ സ്മാർട്ടാക്കും.
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിലൂടെ കേരളം അനന്യ മാതൃക സൃഷ്ടിക്കും.
- മുഴുവൻ വിദ്യാലങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം നിലവിൽ വരും.
- പരിസ്ഥിതി സംരക്ഷണ പരിസ്ഥിത പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.
- ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കും.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.
- വിദ്യാഭ്യാസത്തിൽ ജനാധിപത്യവൽക്കരണം അർത്ഥപൂർണമാക്കും.
- മദ്യത്തിനും മയക്കുമരുന്നിനുമെതിരായ മനോഭാവം പുതുതലമുറയിൽ വളരും.
- പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരി വിമുക്തവുമായ കാമ്പസ് രൂപപ്പെടും.
- കാർഷിക സംസ്കാരമുള്ള പുതുതലമുറ വളരും.

- കലാകായിക-പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കപ്പെടും. ഇതിന് ആവശ്യമായ അധ്യാപകരെ വിദ്യാലയങ്ങളിൽ നിയമിക്കും.
- ഓരോ വർഷത്തെയും അധ്യാപക പരിശീനലാവശ്യങ്ങൾ മുൻകൂട്ടി ശാസ്ത്രീയമായി നിർണയിക്കും. ഇതുവഴി അധ്യാപക പരിശീലനങ്ങൾ സർഗാത്മകമാകും.
- കുട്ടികൾക്ക് രണ്ടു ഭാഷ (മാതൃഭാഷ, ഇംഗ്ലീഷ്) അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും.
- പൊതുവിദ്യാലയങ്ങൾ ആകമാനം മികവിന്റെ കേന്ദ്രങ്ങളായി ഉയരും. പൊതുസമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റും.
- ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ ലഭ്യമാകും.
- മുഴുവൻ കുട്ടികളും നീന്തൽ പരിശീലിക്കും. ഇതിന് സഹായകമായ സൗകര്യങ്ങൾ ലഭ്യമാകും.
- പൊതുവിദ്യാഭായസ മേഖലയിലെ എല്ലാ സ്ഥാപനങ്ങളും ഗ്രീൻപ്രോട്ടോക്കാൾ പാലിച്ചു പ്രവർത്തിക്കും.
- കാലാവസ്ഥാ വ്യതിയാനമടക്കമുള്ള പരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നത് സഹായകമായ മനോഭാവം സൃഷ്ടിക്കും. പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## STD: I

2025-2026

മൂടാടി സൗത്ത് എൽ.പി സ്കൂൾ

കൂടാളി സൗത്ത് എൽ പി സ്കൂൾ 2025-26.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം.

ഉപമേഖല: ഭാഷ (മലയാളം)

ക്ലാസ് : I

## ലക്ഷ്യം

അടിസ്ഥാന ഭാഷാശേഷി വികസനം.

## പ്രവർത്തനങ്ങൾ.

1) പാടാം രസിക്കാം
2) കഥ കേൾക്കാം.
3) കുഞ്ഞു വായന.
4) അമ്മ പറഞ്ഞ കഥ.
5)

## പ്രവർത്തന വിശദീകരണം

1) പാടാം രസിക്കാം : ടീച്ചർ കുട്ടികൾക്ക് ആസ്വാദ്യം ജനിപ്പിക്കുന്ന വിധത്തിൽ ഈണത്തിൽ പാട്ട് പാടുകയോ, ICT സാധ്യത ഉപയോഗിച്ച് കേൾപ്പിക്കുകയോ ചെയ്യുന്നു. പാട്ട് പദ്യപാട്ടുകളും വീണ്ടും വീണ്ടും കേൾക്കാനും അവസരം നൽകുന്നു. അങ്ങനെ ആഴ്ചയിൽ ഒരു പാട്ട് എന്ന രീതിയിൽ പാട്ടുകൾ പരിചയപ്പെടുത്തുന്നു. പാട്ട

ങ്ങ് പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.

2) കഥ കേൾക്കാം

കുട്ടികൾക്ക് ചിത്രം കാണിക്കുന്നു. ആ ചിത്രത്തിൽ അവർ കണ്ട കാര്യങ്ങൾ പറയട്ടെ. (ICT/ചിത്രചാർട്ട്) ശേഷം ടീച്ചർ ഭാവാത്മകമായി കഥ അവതരിപ്പിക്കുന്നു. കേട്ട കഥ പറയാൻ അവസരം നൽകുന്നു.

3) കുഞ്ഞുവായന.

ആകർഷകമായ ചിത്രങ്ങളോട് കൂടിയ കുഞ്ഞു വായന കാർഡുകൾ/പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. മനസ്സിലാക്കിയ കാര്യങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.

4) അമ്മ പറഞ്ഞ കഥ.

ടീച്ചർ എല്ലാ കുട്ടികൾക്കും കുഞ്ഞു കഥകൾ വീട്ടിലേക്കു കൊടുത്തു വിടുന്നു/വാട്സ് ആപ്പിൽ ഷെയർ ചെയ്യുന്നു. ആ കഥ അമ്മമാർ വായിച്ച് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നു. ആകർഷകമായി പറയാൻ കഴിയുന്നവർ കഥ റെക്കോർഡ് ചെയ്ത് ക്ലാസ് ഗ്രൂപ്പിൽ ഷെയർ ചെയ്യാൻ പറയുന്നു. കേട്ട കഥ

അടുത്ത ദിവസം കുട്ടി ക്ലാസിൽ അവതരിപ്പിക്കുന്നു.

<u>കാലയളവ്</u>

പാഠം ഒരുക്കം – June to march നുള്ളിലാണ്.
കടംകേൾക്കാം - ജൂൺ to മാർച്ച്
കുഞ്ഞുവായന - ഡിസംബർ മുതൽ മാർച്ച് വരെ
അമ്മപറഞ്ഞകഥ - സെപ്റ്റംബർ മുതൽ മാർച്ച് വരെ
ചുമതല : ക്ലാസ് ടീച്ചർ, SRG

സാമ്പത്തികം : PTA

കൂടാടി സൗത്ത് എൽ.പി സ്കൂൾ.

അക്കാദമിക് മാസ്റ്റർ പ്ലാൻ. 2025-26.

മേഖല: അക്കാദമികം.

ഉപമേഖല: ഗണിതം.

ക്ലാസ് : I.

ലക്ഷ്യം: കളികളിലൂടെയും നിർമാണപ്രവർത്തനങ്ങളിലൂടെയും ഗണിതം ലളിതമാക്കൽ.

പ്രവർത്തനങ്ങൾ

1) ഗണിത മാഗസിൻ.

പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന സംഖ്യകളും, ചിത്രങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് മാഗസിൻ തയ്യാറാക്കുന്നു.

കാലയളവ്: മാസത്തിൽ ഒന്ന് ജൂലൈ മുതൽ

ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം പ്രദർശനം

ഓരോരുത്തരും വൃത്തം, ത്രികോണം ചതുരം എന്നിവ ഉപയോഗിച്ച് നിർമ്മിക്കാവുന്ന രൂപങ്ങൾ ഉണ്ടാക്കി കൊണ്ടുവരുന്നു. അത് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

കണക്കിലെ കളികൾ

ഗണിത പഠനത്തിന് ഉതകുന്നതും ശാരീരി കായികവികാസം ഉണ്ടാകുന്ന തരത്തിലെ

കുട്ടികൾ ക്ലാസിൽ പരിചയപ്പെടുത്തുന്നു

കാലയളവ്: ജൂലൈ മുതൽ മാസത്തിൽ 2 തവണ.

ചുമതല: ക്ലാസ് ടീച്ചർ, SRG.

കൂടാളി സൗത്ത് എൽ.പി. സ്കൂൾ.

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26.

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്.

ക്ലാസ് : I

ലക്ഷ്യം :

ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുന്നതിനും, ഭാഷയോട് താത്പര്യം ഉണ്ടാക്കുന്നതിനും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്നതിനും.

പ്രവർത്തനം

1) കാർട്ടൂൺ പ്രദർശനം.

കുട്ടികൾക്ക് ഇടവേളകളിൽ ഇംഗ്ലീഷ് കാർട്ടൂൺ കാണാൻ അവസരം ഒരുക്കുന്നു.

കാലയളവ് : ജൂലൈ മുതൽ

2) ആക്ഷൻ സോങ്ങ്സ്

ആകർഷകവും രസകരവുമായ ആക്ഷൻ പാട്ടുകൾ (ഇംഗ്ലീഷ്) കേട്ട് ആംഗ്യത്തോടെ പാടാൻ അവസരം നൽകുന്നു.

കാലയളവ് : ആഴ്ചയിൽ ഒന്ന് ജൂൺ മുതൽ.

## വായിക്കാം രസിക്കാം

ആകർഷകമായ ചിത്രങ്ങളും ചെറിയ വലിയ വാക്യങ്ങളും ഉൾപ്പെടുന്നു. വായന കാർഡുകൾ/ICT കഥകൾ വായിക്കാൻ അവസരം നൽകുന്നു. കുഞ്ഞു വാക്യങ്ങൾ ആവർത്തിച്ച് വായിച്ച് ആശയം ഗ്രഹിക്കുന്നു.

കാലയളവ് : ഡിസംബർ ആദ്യവാരം

ചുമതല : ക്ലാസ് ടീച്ചർ, SRG.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## രണ്ടാംതരം

കൂടാളി സൗത്ത് എൽ.പി

25-26

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
വായനാ സാമഗ്രികൾ നിർമിക്കൽ
വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
വീട്ടു ലൈബ്രറി ഒരുക്കൽ
ചിത്ര വിവരണം
വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസ ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (ക്രവ് പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസ ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

വ്യക്തിഗതരച്നയെ പ്രോത്സാഹിപ്പിക്കൽ.
ഇൻലന്റ്‌ മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

STD 2

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം
പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ
1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100
ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
വിലവിവരപട്ടിക തയ്യാറാക്കൽ
ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ
സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ഥ രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

4:26 pm

ENGLISH

STD II

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description

അക്കാദമിക്

മാസ്റ്റർ പ്ലാൻ.

STD : 3.

കൂടാടി സൗത്ത് എൽ.പി.

സ്കൂൾ.

ENGLISH

Aim

To speak read & write English without mistakes

Time June to March

To check the vocabulary and writing skills of pupils

Activities

June and July

Pre test

To develop listening skills and reading skills

Listening skills

Games, action songs

Activities

Conversations

Skit stories

Use ICT

Speaking Skills

Identify the meaning words from the picture.

Make the simple sentences using the word about picture.

Make simple description about the picture.

Growing sentences picture reading self introductions.

August and September.

Develop the creative Speaking and writing.

Reading skills

Books reading.

Find words

Collect and read past tense

Rhyming words

TB Activities.

writing skills

Diary announcement

February and March

To improve the presentation power.

Reading skills

Library book reading

Conversations, Skit stories.

Develop story

writing skills.

Diary

description

Thoughts.

മലയാളം.

ലക്ഷ്യം

വായന

മലയാളം തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ.

പ്രീടെസ്റ്റ്, ക്ലാസ് ലൈബ്രറി വികസനം.

വായനാക്കാർഡുകൾ തയ്യാറാക്കൽ.

ലേഖനം.

വിവിധ വ്യവഹാരരൂപങ്ങൾ തയ്യാറാക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.

അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ, രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക.

പരിസ്ഥിതിദിനം, പോസ്റ്റർ വായനദിനം ഹിരോഷിമദിനം, നാഗസാക്കി ദിനം. സ്വാതന്ത്ര്യ

ദിനം, അധ്യാപകദിനം, ഗാന്ധിജയന്തി
കുറിപ്പ് തയ്യാറാക്കൽ ദേശീയ തപാൽ
ദിനം കൂട്ടുകാരനൊരു കത്ത്, കേരളപ്പിറ
വി, ശിശുദിനം

സർഗാത്മക പ്രകടനം.

കുട്ടികൾ തയ്യാറാക്കിയ വിവിധവ്യവഹാര
രൂപങ്ങൾ അവതരിപ്പിക്കൽ.

ഗണിതം.

ജൂൺ ജൂലൈ

ലക്ഷ്യം.

ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു.

പ്രവർത്തനം.

പ്ലീടെസ്റ്റ്, ഈർക്കിലുകൾ, കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ചതുരം, വൃത്തം, ത്രികോണം എന്നിവ നിർമിക്കുന്നു.

ആഗസ്റ്റ്

ലക്ഷ്യം.

999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

പ്രവർത്തനം.

സംഖ്യാ പാറ്റേണുകൾ, നാണയങ്ങൾ, കളിനോട്ടുകൾ

സെപ്തംബർ

എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക

പ്രവർത്തനം

വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ

ഒക്ടോബർ നവംബർ

സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ.

മനക്കണക്കുകൾ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.

ഡിസംബർ ജനുവരി

ഗുണന വസ്തുതകൾ നേടൽ

മനക്കണക്കുകൾ, മബോടിക്കളി

ഫെബ്രുവരി - മാർച്ച്.

ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ

നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ICT വിഭവങ്ങൾ ഉപയോഗം.

പരിസരപഠനം.

ജൂൺ

പ്രവർത്തനങ്ങൾ.

ചെടികൾ നിരീക്ഷിക്കുന്നു.

പ്രകൃതി നടത്തം

വിത്ത് മുളപ്പിക്കൽ

വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.

പരിസ്ഥിതിദിനാചരണം, ഹരിത കാർഡ് നിർമ്മാണം.

ജൂലൈ

വ്യത്യസ്തതരം ജീവികളെ നിരീക്ഷണം

ചിത്രശേഖരണം.

മണ്ണ് നിരീക്ഷണം

ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം.

ശലഭങ്ങൾ വളരുന്ന ചെടികൾ.

ഓഗസ്റ്റ്

മഴമാപിനി നിർമ്മാണം.

ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം

കിണർ സന്ദർശനം

മണ്ണ് നിരീക്ഷണം

മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ
മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ
ആശയ പടം തയ്യാറാക്കൽ.

സെപ്റ്റംബർ

ശുചിത്വം പോസ്റ്റർ നിർമ്മാണം.
ആരോഗ്യ ബോധവൽക്കരണ സെമിനാർ
Interview - ആരോഗ്യപ്രവർത്തകർ.

ഒക്ടോബർ.

ഫീൽഡ്ട്രിപ്പ് - പഴം പച്ചക്കറികട
Food festival
എന്റെ ആരോഗ്യകാർഡ്
BMI - കാണണം.
സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ
ശരിയായ ഭക്ഷണശീലം പോസ്റ്റർ.

നവംബർ

റോൾപ്ലേ - റോഡ് നിയമങ്ങൾ
First aid kit തയ്യാറാക്കൽ
സ്വയം സുരക്ഷ - ചർച്ച
ബോധവത്കരണം.

ഡിസംബർ

പരീക്ഷണങ്ങൾ
നിരീക്ഷണ പ്രവർത്തനങ്ങൾ (globe, ICT)

ഫ്ലാഗ് നിർമ്മാണം
ദേശീയ പതാക വരയ്ക്കൽ
ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ
ഭൂപട വായന
എന്റെ കേരളം ചിത്രരചന

ജനുവരി ഫെബ്രുവരി

കുട്ടികൾ ചിത്രശേഖരണം.
വ്യത്യസ്ത തരം വീടുകൾ (ആൽബം)
വീട് നിർമ്മാണം സന്ദർശനം
വ്യത്യസ്തതരം ജോലികൾ സർവേ
Interview and ഫീൽഡ് ട്രിപ്പ്
(പൊതുസ്ഥാപനം)

മാർച്ച്

പഠനോത്സവം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

നാലാം തരം

2025 - 2026

മൂടാടി സൗത്ത് എൽ. പി. സ്കൂൾ

മേഖല : ഭാഷ.
ക്ലാസ് : IV

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ. | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം. | | | | |
| വായനാശേഷി വളർത്തൽ. | ക്ലാസ് വായനാക്കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>* പുസ്തകപരിചയം<br>* വായനാക്കുറിപ്പ്.<br>* ആസ്വാദനക്കുറിപ്പ്<br>* ആനുകാലിക വായന. | വർഷം മുഴുവനും | HM<br>SRG<br>ക്ലാസ് ടീച്ചർ<br>CPTA | PTA. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളിൽ നിന്നും, പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. | വർഷം മുഴുവൻ. | SRG.<br>ക്ലാസ് ടീച്ചർ | PTA |
| എഴുത്തുകാരുമായി സംവദിക്കൽ. | | | | |
| സാഹിത്യകാരന്മാരെ അടുത്തറിയൽ | * സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ<br>* സാഹിത്യകാരന്മാരുമായി നേരിട്ട് സംവദിക്കൽ. | July. | ക്ലാസ് ടീച്ചർ. | PTA |
| സാഹിത്യ വേദി. | | | | |
| സർഗ്ഗ ശേഷികളെ പരിപോഷിപ്പിക്കൽ. നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | * ബാലസഭ<br>* സർഗ്ഗ രചന ഉദ്ഘാടനം<br>* കാവ്യകേളി. | എല്ലാ വെള്ളിയും<br>ഫിബ്രുവരി.<br>ജനുവരി. | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | - ഭക്ഷ്യമേള<br>- പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമാണം.<br>ക്ലാസിലൊരു സദ്യ. | | SRG.<br>ക്ലാസ് ടീച്ചർ<br>PTA. | PTA. |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ. | • ഓർമദിനം ആചരിക്കൽ<br>• ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക പരിചയം<br>• ക്വിസ്<br>പതിപ്പ് നിർമാണം പ്രകാശനം. | ജൂലായ് | SRG<br>ക്ലാസ് ടീച്ചർ<br>PTA | PTA |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട് കലകൾ നേരിട്ട് അറിയൽ. | • പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്.<br>കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം. | | HM<br>SRG.<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

മേഖല : അക്കാദമികം.
ഉപമേഖല : ഇംഗ്ലീഷ്.
ക്ലാസ് : IV

ഇംഗ്ലീഷ് അസംബ്ലി.

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല. | സാന്നിദ്ധ്യ |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | • ആഴ്ചയിൽ ഒരു ഇംഗ്ലീഷ് അസംബ്ലി. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | | | | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. Skit. conversation, story telling | മാസത്തിൽ ഒന്ന്. | ക്ലാസ് ടീച്ചർ | ഹെ |
| പദസമ്പത്ത്. | | | | |
| കുട്ടികളിലെ പദസമ്പത്ത് പരിപോഷണം. | • Reading കാർഡിൽ നിന്നും പദങ്ങളും അർത്ഥവും കണ്ടെത്തി അവതരിപ്പിക്കൽ. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം
ഉപമേഖല : ഗണിതം.
ക്ലാസ് : IV

കളിക്കാം ഗണിക്കാം.

| ലക്ഷ്യം | പ്രവർത്തനം. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ. | വിവിധ തരം കളികൾ<br>• ഏണിയും പാമ്പും<br>• ഡയസ് കളി<br>• കച്ചവട കളി | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ജൂലായ് | SRG. ക്ലാസ് ടീച്ചർ | PTA. |
| വർക്ക് ഷീറ്റ് | | | | |
| പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള ലളിതമായ പ്രവർത്തനങ്ങൾ ആസൂത്രണം | • വർക്ക് ഷീറ്റ് നിർമ്മാണം. | ഓരോ പാഠഭാഗത്തിന്റെ നിശ്ചിത സമയത്ത്. | SRG. ക്ലാസ് ടീച്ചർ | PTA |

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | • ഗണിത ചുവർ ഒരുക്കൽ<br>• ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA. |
| ഗണിത മേള. | പ്രവർത്തനം. | | | |
| ഗണിത ശേഷികളുടെ പ്രകടനം. | • പ്രശ്നോത്തരി<br>• പസിൽ<br>• പാറ്റേൺ<br>• പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | മാർച്ച് | SRG.<br>ക്ലാസ് ടീച്ചർ | PTA |

മേഖല : അക്കാദമികം
ഉപമേഖല: പരിസരപഠനം.
ക്ലാസ് : IV

പ്രകൃതി നടത്തം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം അറിവു നിർമാണം. | ഫീൽഡ് ട്രിപ്പ്. | ജൂൺ | HM CPTA | PTA. |
| ശാസ്ത്ര മേള. | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. • പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര യാത്ര. | | | | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ. | • വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് സന്ദർശനം: | | HM SRG ക്ലാസ് ടീച്ചർ | PTA. |

ഭൂപടമേളകൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളം - ഇന്ത്യ ഭൂപട വായന<br>• സൂചിക പരിചയപ്പെടുത്തൽ. | • ഭൂപട വായന<br>• ഭൂപട രചന<br>• സൂചിക നിർമാണം | | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. | SRG.<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം. | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | മാർച്ച്. | HM.<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

# 2025-26.

കൂടാളി സനാതന് എൽ.പി. സ്കൂൾ

# അറബിക് അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## 1- അറബിക് മധുരം

ലക്ഷ്യം:- അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി.

പ്രവർത്തനം:-

ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ആഴ്ചയിൽ ഒരു ദിവസം പിന്നോക്ക ക്ലാസ് എടുക്കുക. വർക്ക്ഷീറ്റ് നൽകി അതിലെ അക്ഷരങ്ങൾക്ക് നിറം നൽകുക.

കാലയളവ്:-
3 മാസം (ജനുവരി മുതൽ മാർച്ച് വരെ)

ഭൗതികം:-
പുസ്തകം, വർക്ക്ഷീറ്റ്.

## 2 - പദപരിചയം

ലക്ഷ്യം:-
അറബിപദസമ്പത്ത് വർധിപ്പിക്കൽ.

പ്രവർത്തനം:-

പദസമ്പത്ത് വർധിപ്പിക്കാനായ് ഒരു അക്ഷരം നൽകുകയും അതുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുകയും ചെയ്യുന്നു. കൂടുതൽ കണ്ടെത്തിയ കുട്ടിക്ക് ചെറിയൊരു സമ്മാനം നൽകുന്നു.

## 3- ദിനാചരണങ്ങൾ

ലക്ഷ്യം :-

വിദ്യാർത്ഥികളെ ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുക.

പ്രവർത്തനം :-

സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുക.

പോസ്റ്റർ നിർമ്മാണം, ക്വിസ്, വായനമത്സരം.

## 4- എഴുത്തിന്റെ ലോകം

ലക്ഷ്യം :-

കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്താനും സർഗാത്മകത തിരിച്ചറിയാനും.

പ്രവർത്തനം :-

ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകൾ നൽകി പരിശീലനം നൽകുന്നു.

കുട്ടികളിലുള്ള കഴിവുകൾ കണ്ടെത്തുന്നു.

മാസിക നിർമ്മാണം

വായനകാർഡ് നിർമ്മാണം.

## 5- മത്സരങ്ങളുടെ ലോകം

ലക്ഷ്യം :-

വിദ്യാർത്ഥികളിലുള്ള വ്യത്യസ്ത കഴിവുകൾ കണ്ടെത്തൽ.